LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനം

235 (927) ശ്രീ. എം. എ ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണൂർ ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസനത്തിനായി പുതുതായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നവീകരണ പ്രവർത്തനത്തിന്റെ ഭാഗമായി പഠനോപകരണങ്ങൾ, ലൈബ്രറി ബുക്കുകൾ, ഫർണിച്ചർ എന്നിവ വാങ്ങുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട്. ജൂലൈ 2010-ൽ പ്രവേശിപ്പിക്കപ്പെട്ട് ദ്വിവത്സര ഡിപ്ലോമ കോഴ്സ് പൂർത്തീകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഫാഷൻ ടെക്നോളജിയുമായി ബന്ധപ്പെട്ട വിവിധ മേഖലയിൽ ജോലി ലഭ്യമാക്കിയിട്ടുണ്ട്. 2014-15 മുതൽ മൂന്നു വർഷത്തെ ഡിപ്ലോമ കോഴ്സിനു പകരമായി നാല് വർഷത്തെ ബാച്ചിലർ ഓഫ് ഡിസൈൻ ഡിഗ്രി കോഴ്സ് കേരള യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനോടു കൂടി ആരംഭിച്ചിട്ടുണ്ട്.

(ബി) ഫാഷൻ ഡിസൈനിൽ അണ്ടർ ഗ്രാജുവേറ്റ്, പോസ്റ്റ് ഗ്രാജുവേറ്റ് എന്നീ കോഴ്സുകൾ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

ചുമട്ടു തൊഴിലാളികളുടെ കയറ്റിറക്ക് കൂലി

236 (928) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുമട്ട് തൊഴിലാളികൾക്കുള്ള കയറ്റിറക്ക് കൂലി, പോസ്റ്റ് ഓഫീസ്, അംഗീകൃത അക്ഷയ കേന്ദ്രം എന്നിവവഴി സ്വീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;